എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ
ഊർജ്ജപത്രിക
Oorja Pathrika | A Newsletter from Energy Management Centre- Kerala
വാല്യം- 5, ലക്കം 05 | 2024 മെയ് 05

# വേനൽച്ചൂടിനും വൈദ്യുതി പ്രതിസന്ധിക്കും ഉത്തരമായി സെറ്റ്@26°C ക്യാമ്പയിൻ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പും എനർജി മാനേജ്മെന്റ് സെന്ററും സംയുക്തമായി നടത്തുന്ന സെറ്റ്@26°C ക്യാമ്പയിൻ ആരംഭിച്ചു. സംസ്ഥാനത്ത് കടുത്ത വേനലിൽ വൈദ്യുതി ഉപഭോഗം റെക്കോർഡിലെത്തിയ സാഹചര്യത്തിലാണ് സെറ്റ്@26°C എന്ന പേരിൽ സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിച്ചത്.

എയർകണ്ടീഷണറുകളുടെ താപനില 26°C ആയി സജ്ജീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ് ക്യാമ്പയിൻ. അനുബന്ധമായി ഈ വേനൽക്കാലത്ത് ഉയർന്ന ചൂടിൽ നിന്ന് ശരീരത്തെ തണുപ്പിക്കുന്നതിനായി വെളുത്ത വസ്ത്രങ്ങൾ ധരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി "Wear white cotton clothes", മേൽക്കൂരകളിൽ കൂൾ റൂഫിംഗ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി കെട്ടിടങ്ങളുടെ ഉൾവശം കുളിർമയുള്ളതാക്കി മാറ്റുന്നതിനായി "Cool Roofing Technology", ഊർജ്ജസംരക്ഷണത്തിനും താപ നിയന്ത്രണ പ്രവർത്തനങ്ങൾക്കും വേണ്ടി "Energy Management" എന്നിങ്ങനെ പ്രധാനമായും നാല് മേഖലകളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലാണ് ക്യാമ്പയിൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.




പൊതുജനങ്ങൾക്കിടയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി നടത്തി വരുന്ന പ്രചരണ പരിപാടികളുടെ തുടർച്ചയാണിത്. ഊർജ്ജ ലാഭത്തിന്റെ കാര്യത്തിൽ മാത്രമല്ല, പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിലും ഊർജ്ജ പരിപാലനത്തിന്റെ ഗുണപരമായ സ്വാധീനത്തെക്കുറിച്ച് പൊതുജന ബോധവൽക്കരണം നടക്കും.

ക്യാമ്പയിന്റെ വ്യാപ്തിയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന്, വിവിധ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിൽ ഉടനീളം വ്യാപകമായി പ്രചരിപ്പിക്കുന്നതിനുള്ള സന്ദേശങ്ങൾ എനർജി മാനേജ്മെന്റ് സെന്റർ തയാറാക്കി നൽകുകയും ക്യാമ്പയിൻ ഉള്ളടക്കങ്ങൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സംസ്ഥാന, ജില്ല ഓഫീസ് നിയന്ത്രണത്തിലുള്ള സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും എനർജി മാനേജ്മെന്റ് സെന്ററിന്റെ സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും പ്രചരിപ്പിച്ചു വരുന്നു.

# സമ്മർ സ്കൂൾ ക്യാമ്പയിൻ ഇ.എം.സി.യിൽ

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ നേതൃത്വത്തിൽ വർഷംതോറും വേനലവധിക്കാലത്ത് നടത്തിവരാറുള്ള സമ്മർ സ്കൂളിന്റെ ഭാഗമായി വിദ്യാർത്ഥികൾ എനർജി മാനേജ്മെന്റ് സെന്ററിലെത്തി. ഊർജ്ജസംരക്ഷണത്തെക്കുറിച്ച് കൂടുതലറിയാനായാണ് വിദ്യാർത്ഥികൾ ഏപ്രിൽ 29 ന് ഇ.എം.സി. ക്യാമ്പസിലെത്തിയത്.


സമ്മർ സ്കൂളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ

ചടങ്ങിൽ ഇ.എം.സി. രജിസ്ട്രാർ സുഭാഷ്ബാബു ബി.വി. മുഖ്യപ്രഭാഷണം നടത്തി. ഡെപ്യൂട്ടി ലൈബ്രേറിയൻ മഞ്ജു ആശംസകൾ നേർന്നു. ഇ.എം.സി. റിസോഴ്സ് പേഴ്സൺ സതീഷ് കുമാർ വിദ്യാർത്ഥികൾക്കുള്ള ഊർജ്ജ സംരക്ഷണ ക്ലാസ് നയിച്ചു.

ഒരു മാസം നീണ്ടുനിൽക്കുന്നതാണ് സമ്മർ സ്കൂൾ. കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. കഥ, കവിത, ആലാപനം, നൃത്തം, പെയിന്റിംഗ്, മാജിക് പ്രോഗ്രാമുകൾ അടങ്ങുന്നതാണ് സമ്മർ സ്കൂൾ. ശാസ്ത്രം, ചരിത്രം, നാടകം, ഊർജ്ജ/ പ്രകൃതി സംരക്ഷണം, കാർഷിക വിഷയങ്ങൾ എന്നിവയും ക്യാമ്പിൽ കൈകാര്യം ചെയ്യും. വിനോദത്തിലൂടെ കുട്ടികൾക്കിടയിൽ വായനാശീലം വളർത്തുക എന്നതാണ് സമ്മർ സ്കൂളിന്റെ ലക്ഷ്യം.

ഊർജ കിരൺ സമ്മർ ക്യാമ്പയിൻ 2024

# ഊർജ്ജ കിരൺ സമ്മർ ക്യാമ്പയിൻ പുരോഗമിക്കുന്നു

വേനൽക്കാലത്ത് സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്ത് സംസ്ഥാനത്തുടനീളം പൊതുജന ബോധവൽക്കരണ പരിപാടി നടത്തുന്നു. എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും (കെ.എസ്.ഇ.ബി.എൽ.) സംയുക്തമായി വിവിധ എൻ.ജി.ഒ.കളുടെ സഹകരണത്തോടുകൂടിയാണ് കെ.എസ്.ഇ.ബി.യുടെ എല്ലാ സെക്ഷൻ ഓഫീസുകളെ കേന്ദ്രീകരിച്ച് ഊർജ്ജ കിരൺ സമ്മർ ക്യാമ്പയിൻ എന്ന ഈ പരിപാടി നടത്തുന്നത്.

സമ്മർ ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം മാർച്ച് 6ന് കഴക്കൂട്ടം സെന്റ് ആന്റണീസ് സ്കൂളിൽ സംഘടിപ്പിച്ച ചടങ്ങിൽ വച്ച് വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി നിർവഹിച്ചിരുന്നു. ക്യാമ്പയിനിന്റെ ഭാഗമായി മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി സംസ്ഥാനത്തുടനീളമുള്ള 776 കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെയും പരിധിയിൽ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിനോടകം 702 സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ ശില്പശാലകൾ നടത്തുന്നതിനായുള്ള രജിസ്ട്രേഷൻ ലഭിക്കുകയും 156 സ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. ഏപ്രിൽ മാസത്തിൽ മാത്രം 87 ശില്പശാലകൾ സംഘടിപ്പിച്ചു.




ചീമേനി പീപ്പിൾസ് തീയേറ്റർ അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി



തിരുവനന്തപുരം ശ്രീ വരാഹം വനിതാ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി

# ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ഫോറസ്റ്റ് ക്ലിയറൻസ്; അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം

ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫോറസ്റ്റ് ക്ലിയറൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്സിന്റെ അധ്യക്ഷതയിൽ ഏപ്രിൽ 19 ന് സെക്രട്ടറിയേറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ യോഗം നടന്നു. വനം വകുപ്പിനെ പ്രതിനിധീകരിച്ച് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സാമുവൽ വി. പചാവ്വ ഐ.എഫ്.എസ്. യോഗത്തിൽ പങ്കെടുത്തു.



അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ ഐ.എ.എസ്സിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം

തദ്ദേശസ്വയംഭരണം, വനം, ഊർജ്ജം എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സംരംഭകരും ചർച്ചയിൽ പങ്കെടുത്തു. ഇ.എം.സി.യിൽ നിന്ന് ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ. എന്നിവരാണ് പങ്കെടുത്തത്.

ഇ.എം.സി.യുടെ സഹകരണത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പുനഃരുദ്ധാരണം നടക്കുന്ന മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് വിനീത സജീവനും സംഘവും ഓൺലൈനായി പങ്കെടുത്തു.

സർക്കാർ അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് ഇ.എം.സി. ഡയറക്ടർ വിശദീകരിച്ചു. പദ്ധതി നടത്തിപ്പിന് വിവിധ വകുപ്പുകളുടെ ഏകോപനം അത്യന്താപേക്ഷിതമാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട ക്ലിയറൻസ്/NOC-കൾക്ക് വരുന്ന കാലതാമസം കുറയ്ക്കുന്നതിലേക്കുള്ള ക്രിയാത്മകമായ ചർച്ചകൾ യോഗത്തിൽ നടന്നു.

# ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ മൈക്രോ പമ്പ്ഡ് ജലവൈദ്യുത പദ്ധതി സാദ്ധ്യത

കേരളത്തിലെ ഉപേക്ഷിക്കപ്പെട്ട ക്വാറികളെ മൈക്രോ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾക്കായി ഉപയോഗപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നഗരൂർ പഞ്ചായത്തിലെ പാറമുക്ക് പ്രദേശത്തുള്ള ഉപേക്ഷിക്കപ്പെട്ട രണ്ട് ക്വാറികളിൽ 2024 ഏപ്രിൽ 11 ന് ഇ.എം.സി. ഉദ്യോഗസ്ഥ സംഘം പരിശോധന നടത്തി. ജലവൈദ്യുത പദ്ധതി നടപ്പിലാക്കുവാൻ അനുയോജ്യമായേക്കാവുന്ന് ഒരു ഇടമെന്ന നിലയിൽ നവകേരള മിഷന്റെ തിരുവനന്തപുരം ജില്ലാ ഓഫീസ് നിർദ്ദേശിച്ച ഇടത്താണ് പരിശോധന നടത്തിയത്.

ഇ.എം.സി. ജോയിന്റ് ഡയറക്ടർ, ദിനേശ് കുമാർ എ. എൻ., ഇ.എം.സി. മുൻ ജോയിന്റ് ഡയറക്ടർ അനിൽ ജി., നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ അശോക് സി, ഇ.എം.സി. എനർജി ടെക്നോളജിസ്റ്റ് ടോംസൺ സെബാസ്റ്റ്യൻ എന്നിവരടങ്ങിയ സംഘമാണ് സന്ദർശനം നടത്തിയത്.

പ്രാഥമിക വിലയിരുത്തലിൽ, പ്രസ്തുത ക്വാറിയിൽ ഒരു മാതൃകാ മൈക്രോ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതി സ്ഥാപിക്കാനുള്ള സാധ്യതയുണ്ടെന്ന് ഇ.എം.സി. വിലയിരുത്തിയിട്ടുണ്ട്. രണ്ട് ജലസംഭരണികളുടെ പരപ്പ്, സംഭരണ ശേഷി, ജലസംഭരണികൾ തമ്മിലുള്ള ഉയരവ്യത്യാസം തുടങ്ങിയ വിവരങ്ങൾ സർവേയിലൂടെ കണ്ടെത്തിയ ശേഷം പ്ലാന്റിന്റെ ശേഷിയടക്കമുള്ള കാര്യങ്ങളിൽ രൂപരേഖ തയ്യാറാക്കാവുന്നതാണ്.

പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ വൈദ്യുതി ഡിമാൻഡ് കുറവുള്ള പകൽ സമയങ്ങളിൽ മിച്ചമുള്ള വൈദ്യുതി ഉപയോഗിച്ച് കീഴ്ഭാഗത്ത് നിലനിർത്തുന്ന ജലസംഭരണിയിൽ നിന്ന് മേൽഭാഗത്തെ റിസർവോയറിലേക്ക് വെള്ളം പമ്പ് ചെയ്ത് സംഭരിക്കുകയും കൂടുതൽ വൈദ്യുതി ആവശ്യമുള്ളപ്പോൾ (പീക്ക് സമയങ്ങളിൽ), മുകളിലെ ജലസംഭരണിയിൽ നിന്ന് താഴത്തെ ജലസംഭരണിലേക്ക് ടർബൈനുകളിലൂടെ വെള്ളം കടത്തിവിട്ട് വൈദ്യുതി ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. വൈകുന്നേരങ്ങളിൽ വൈദ്യുതി ഗ്രിഡിനു കൂടുതൽ സ്ഥിരത കൈവരുത്തുന്നതിനെ ഇത് സഹായിക്കുന്നു.

കേരളത്തിൽ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾക്കുള്ള കരട് നയം രൂപീകരിക്കുന്നതിന്റെ മേൽനോട്ടവും ഇ.എം.സി. നടത്തുന്നുണ്ട്.

# എഴുത്തുകാരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു

മലയാള ഭാഷാ പ്രോത്സാഹനത്തിനും ഭരണഭാഷ മാതൃഭാഷ എന്ന ആശയം പ്രാവർത്തികമാക്കുന്നതിനുമായി എനർജി മാനേജ്മെന്റ് സെന്ററിൽ രൂപീകരിച്ച ഭരണഭാഷാ പ്രോത്സാഹനസമിതി ഊർജ്ജസംരക്ഷണ സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിനു വേണ്ടി വ്യാപകമായ പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

പുസ്തകങ്ങളും ലഘുലേഖകളും മറ്റും മാതൃഭാഷയിൽ തയ്യാറാക്കുന്നത് ഊർജ്ജസംരക്ഷണ സന്ദേശം കൂടുതൽ ആളുകളിൽ ഫലപ്രദമായി എത്തിക്കുന്നതിന് സഹായകമാകും. അതിനായി എഴുത്തുകാരുടെ സഹായത്തോടുകൂടി മലയാള ഭാഷയിൽ കൂടുതൽ പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ലക്ഷ്യമിടുന്നു. അതിനായി ഊർജ്ജസംരക്ഷണ സംബന്ധിയായ വിവിധ വിഷയങ്ങളിൽ പുസ്തക രചന നിർവഹിക്കുന്നതിനായി എഴുത്തുകാരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. സ്വന്തം നിലയിലോ പ്രസാധകർ മുഖേനയോ രണ്ടോ അതിൽ കൂടുതലോ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചവർ ആയിരിക്കണം അപേക്ഷകർ (അയക്കേണ്ട വിലാസം താഴെ).

വിലാസം: ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ– കേരള, ശ്രീകാര്യം, തിരുവനന്തപുരം–695017.

# വനം വകുപ്പിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ; ചർച്ച നടന്നു

ഇ.എം.സി.യും കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷനും (KFDC) സഹകരിച്ച് ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക ചർച്ച നടന്നു. കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപറേഷൻ മാനേജിങ് ഡയറക്ടർ ജോർജ് പി. മാത്തച്ചൻ, ഇ.എം.സി. ജോയിന്റ് ഡയറക്ടർ ദിനേഷ് കുമാർ എ. എൻ., രജിസ്ട്രാർ സുഭാഷ് ബാബു ബി. വി., കൺസൾട്ടന്റ് സുരേഷ് ബാബു ബി. വി. തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

ഗവി, അരിപ്പ, തവിഞ്ഞാൽ, മൂന്നാർ എന്നിവിടങ്ങളിൽ കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്ത് സ്ഥിതിചെയ്യുന്ന വെള്ളച്ചാട്ടങ്ങളിൽ നിന്ന് ഊർജ ഉൽപാദന സാദ്ധ്യതയുണ്ട്. ഈ പദ്ധതികളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനും കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനും ഉപയോഗിക്കാവുന്നതാണ്.

വനം വകുപ്പിന്റെ താൽപര്യപ്രകാരം അരിപ്പ, തവിഞ്ഞാൽ എന്നിവിടങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി പ്രീ–ഫീസിബിലിറ്റി പഠനം നടത്താൻ ഇ.എം.സി. സന്നദ്ധത അറിയിച്ചു.



# കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സ് വിജയികൾ തിരുവനന്തപുരത്തെ സാങ്കേതിക, കലാ സ്ഥാപനങ്ങൾ സന്ദർശിച്ചു



മത്സരവിജയികൾ ഇ.എം.സി. ഉദ്യോഗസ്ഥരോടൊപ്പം


എനർജി ക്ലബ് കഴിഞ്ഞ അധ്യയന വർഷം (2023–24) നടത്തിയ കേരള സ്റ്റുഡന്റ്സ് എനർജി കോൺഗ്രസ്സിലെ വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായ വിദ്യാർത്ഥികൾ തിരുവനന്തപുരത്തെ വിവിധ സാങ്കേതിക – കലാ സ്ഥാപനങ്ങൾ സന്ദർശിച്ചു. സംസ്ഥാനതലത്തിലെ എൽ.പി., യു.പി. വിഭാഗത്തിൽ സ്റ്റേറ്റ് സിലബസിലും, CBSE/ICSE സിലബസ്സിലെയും വിജയികളായ വിദ്യാർത്ഥികൾ ഇ.എം.സി.യുടെ ആതിഥേയത്തിൽ ഇ.എം.സി. ഓഫീസ് സന്ദർശിക്കുകയും ഊർജ്ജസംരക്ഷണ ക്ലാസിൽ പങ്കെടുക്കുകയും ഇ.എം.സി. ഓഫീസിന്റെ വിവിധ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

രണ്ടാം ദിവസം VSSC-യുടെ Thumba Equatorial Rocket Launching Station സന്ദർശിച്ച വിദ്യാർത്ഥികൾക്ക് സൗണ്ടിങ് റോക്കറ്റ് വിക്ഷേപണം നേരിൽ കാണാനുള്ള അവസരവും ഇ.എം.സി. ഒരുക്കിക്കൊടുത്തു. ഇതുകൂടാതെ കലാരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന തിരുവനന്തപുരത്തെ മാജിക് പ്ലാനറ്റും വിദ്യാർത്ഥികളും രക്ഷിതാക്കളും സന്ദർശിച്ചു. ലോക പ്രസിദ്ധനായ മജീഷ്യൻ ഗോപിനാഥ് മുതുകാട് വിദ്യാർത്ഥികളെ കണ്ട് ആശംസകൾ അറിയിച്ചു. വിദ്യാർത്ഥികൾക്കും രക്ഷിതാകൾക്കും KSRTC-യുടെ ഇലക്ട്രിക് ബസ്സിലാണ് തിരുവനന്തപുരത്തിനുള്ളിലെ യാത്ര ഇ.എം.സി. ഒരുക്കിയത്.

## ഫെബ്രുവരി മാസത്തിൽ ഊർജ്ജസംരക്ഷണമെന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ കാർട്ടൂൺ മത്സരത്തിലെ സമ്മാനാർഹമായ ചിത്രങ്ങൾ



വര: പ്രസന്നൻ അനിക്കാട്



വര: ശ്യാംകുമാർ

## ഊർജ്ജസംരക്ഷണത്തിൽ പങ്കാളികളാകൂ... സമ്മാനങ്ങൾ നേടൂ...

### സമ്മർ സെൽഫി

വേനൽക്കാലത്തെ ഊർജ്ജസംരക്ഷണം മുൻനിർത്തി വീടുകളിലോ സ്ഥാപനങ്ങളിലോ നടപ്പാക്കിയിട്ടുള്ള ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിലുള്ള സെൽഫിയും ചെയ്ത പ്രവർത്തനത്തെ കുറിച്ചുള്ള ഒരടിക്കുറിപ്പും 2024 ജൂൺ 10 ന് മുമ്പായി

emck@keralaenergy.gov.in

എന്ന മെയിലിലേക്ക് അയയ്ക്കൂ.



ആകർഷകമായ സമ്മാനങ്ങൾ നേടൂ

*തിരഞ്ഞെടുക്കപ്പെടുന്ന പെയിന്റിംഗുകൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതാണ്

ഊർജ്ജപത്രികയെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ ഞങ്ങളെ അറിയിക്കാനായി QR കോഡ് സ്കാൻ ചെയ്യൂ. അല്ലെങ്കിൽ emck@keralaenergy.gov.in എന്ന മെയിൽ ID-യിലേക്ക് ഇമെയിൽ അയയ്ക്കൂ.




Published by **Dr. R. Harikumar**, Director, EMC



Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)



**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256